# ജ്യോത്സ്യന്മാർ, സിദ്ധന്മാർ

നബിﷺയുടെ ഒരു ഭാര്യയിൽനിന്ന് നിവേദനം: നബിﷺ പറഞ്ഞിരിക്കുന്നു:

«مَنْ أَتَى عَرّافاً فَسَأَلَهُ عَنْ شَيْءٍ فَصَدّقَهُ بِمَا يَقُولُ، لَمْ تُقْبَلْ لَهُ صَلاَةُ أَرْبَعِينَ يومًا»

"ആരെങ്കിലും ഭാവി പ്രവചിക്കുന്നവരെ സമീപിക്കുകയും വല്ലതും ചോദിക്കുകയും ചെയ്താൽ അയാളുടെ നാൽപ്പതു ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല." (മുസ്ലിം)

അബൂഹുറയ്റ‌رضي الله عنهവിൽനിന്ന് നിവേദനം: നബിﷺ പറഞ്ഞു:

«مَنْ أَتَى كَاهِناً, فَصَدّقَهُ بِمَا يَقُولُ, فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمّدٍﷺ».

"ആരെങ്കിലും, ഒരു ജ്യോത്സ്യനെ സമീപിക്കുകയും അയാൾ പറയുന്നത് സത്യപ്പെടുത്തുകയുംചെയ്താൽ നിശ്ചയം, അയാൾ മുഹമ്മദ് നബിﷺക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു."[1]

അബൂഹുറയ്റ‌رضي الله عنهവിൽനിന്ന് നിവേദനം: നബിﷺ പറഞ്ഞു:

«مَنْ أَتَى عَرّافاً أو كَاهِناً, فَصَدّقَهُ بِمَا يَقُولُ, فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمّدٍ ﷺ»

"ആരെങ്കിലും വല്ല ഭാവി പ്രവചിക്കുന്നവനേയോ അല്ലെങ്കിൽ ജ്യോത്സ്യനേയോ സമീപിക്കുകയും അയാൾ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ അവൻ മുഹമ്മദ് നബിﷺക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു." (അബൂദാവൂദ്, തിർ മുദി നസാഇ, ഇബനുമാജഃ, ഹാകിം) ഇബ്നു മസ്ഊദ് رضي الله عنه പറഞ്ഞതായി ഇമാം അബൂയഅ്ലാ ഇതുപോലുള്ളത് 'ജയ്യിദാ'യ സനദോടുകൂടി റിപ്പോർട്ട് ചെയ്തിട്ടു ്.[2]

---

[1] സുനനു അബീദാവൂദ്. അൽബാനി ഈ ഹദീഥിനെ 'സ്വഹീഹാ'ക്കിയിട്ടുണ്ട്.

[2] അൽബാനി ഈ ഹദീഥിനെ 'സ്വഹീഹാ'ക്കിയിട്ടുണ്ട്.

ഇംറാൻ ഇബ്നു ഹുസൈൻﷺവിൽ നിന്ന് (റസൂൽﷺ പറഞ്ഞതായി) നിവേദനം:

« لَيسَ مِنَّا مَنْ تَطَيَّرَ أَوْ تُطُيِّرَ لَهُ ، أَوْ تَكَهَّنَ أَوْ تُكُهِّنَ لَهُ أَوْ سَحَرَ أَوْ سُحِرَ لَهُ، وَمَنْ أَتَى كَاهِناً, فَصَدَّقَهُ بِمَا يَقُولُ, فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمَّدٍ ﷺ.»

''ശകുനപ്പിഴ നോക്കുന്നവനും ശകുനം ആർക്കുവേണ്ടി നോക്കുന്നുവോ അവനും ജ്യോത്സ്യപ്പണി ചെയ്യുന്നവനും ജ്യോത്സ്യം ആർക്കുവേണ്ടി ചെയ്യുന്നുവോ മാരണം ചെയ്യുന്നവനും ആർക്കു വേണ്ടി മാരണം ചെയ്യുന്നുവോ അവരാരും നമ്മിൽ പെട്ടവനല്ല. ആരെങ്കിലും, ഒരു ജ്യോത്സ്യനെ സമീപിക്കുകയും അയാൾ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ നിശ്ചയം, അയാൾ മുഹമ്മദ് നബിﷺക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസി ച്ചിരിക്കുന്നു.'' (ബസ്സാർ 'ജയ്യിദ്' ആയ സനദോടുകൂടിയും, ത്വബറാനി 'ഹസന'ായ സനദോടുകൂടിയും നിവേദനം ചെയ്തത്)[1]

ഇമാം ബഗവിﷺപറഞ്ഞു: '''അൽ അർറാഫ്' എന്നാൽ പ്രശ്നം വെച്ച്, അതുകൊണ്ട് തെളിവുപിടിച്ച് കളവുപോയ സാധനങ്ങളും വഴിതെറ്റിപ്പോയ മൃഗത്തേയും മറ്റും അറിയുമെന്ന് ജൽപ്പിക്കുന്നവനാണ്.''

'അൽ അർറാഫി'ന്, 'അൽകാഹിൻ' എന്നും പറയപ്പെട്ടിട്ടുണ്ട്.

'അൽകാഹിൻ' എന്നാൽ ഭാവി പ്രവചനങ്ങൾ നടത്തുന്നവനാണ്. ഹൃദയങ്ങളിൽ മറഞ്ഞ കാര്യങ്ങളെ പ്രവചിക്കുന്നവനാണെന്നും പറയപ്പെട്ടിട്ടുണ്ട്.

ഇബ്നു തൈമിയ്യﷺ പറഞ്ഞു: ''അൽ അർറാഫ് എന്നാൽ കാഹിനും (ജ്യോത്സ്യൻ), മുനജ്ജിമിനും (ജ്യോതിഷി), റമ്മാലും (നിഗൂഢജ്ഞാനവാദി), അവരെപ്പോലുള്ളവരുമാണ്. അഥവാ ഈ രീതിയിലെല്ലാം കാര്യങ്ങൾ അറിയുമെന്ന് പറയുന്നവനാണ്'' 'അബാജദ്' എഴുതുകയും ജ്യോതിഷം നോക്കുകയും ചെയ്യുന്ന ഒരു വിഭാഗത്തെക്കുറിച്ച് ഇബ്നു അബ്ബാസ്ﷺ പറഞ്ഞു: ''അപ്രകാരം

[1] ഇമാം ഹൈഥമി പറഞ്ഞു: ഹദീഥിന്റെ സനദിലെ സംഅ ഇബ്നു സ്വാലിഹ് എന്ന വ്യക്തി 'ദ്വഈഫ് ' ആകുന്നു.

പ്രവര്‍ത്തിക്കുന്നവര്‍ക്ക് അല്ലാഹുവിങ്കല്‍ യാതൊരു (കാരുണ്യത്തിന്റെ) വിഹിതവും ഞാന്‍ കാണുന്നില്ല.''[1]

**ഈ അദ്ധ്യായം ഉള്‍ക്കൊണ്ട വിഷയങ്ങള്‍:**

- ക്വുര്‍ആനില്‍ വിശ്വസിക്കുകയും ജ്യോത്സ്യനെ സത്യപ്പെടുത്തലും ഒന്നിച്ചുണ്ടാവുകയില്ല.
- ജ്യോത്സ്യനെ സത്യപ്പെടുത്തല്‍ കുഫ്റാണ്.
- ആര്‍ക്കാണോ ജ്യോത്സ്യപ്പണി ചെയ്യപ്പെടുന്നത് അയാളെ കുറിച്ചുള്ള പരാമര്‍ശം.
- ആര്‍ക്കാണോ ശകുനം നോക്കുന്നത് അയാളെ കുറിച്ചുള്ള പരാമര്‍ശം.
- ആര്‍ക്കുവേണ്ടിയാണോ സിഹ്ര്‍ ചെയ്തുകൊടുക്കുന്നത് അയാളെ കുറിച്ചുള്ള പരാമര്‍ശം.
- 'അബാജാദ് ' പഠിക്കുന്നവനെക്കുറിച്ചുള്ള പരാമര്‍ശം.
- 'കാഹിന്‍' (ജ്യോത്സ്യന്‍) 'അര്‍റാഫ്' (ഭാവി പ്രവാചകന്‍) എന്നിവര്‍ക്കിടയിലെ വ്യത്യാസം പറയല്‍.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദില്‍ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദില്‍ നിന്ന്**

**വിവര്‍ത്തനം**
**അബ്ദുല്‍ ജബ്ബാര്‍ അബ്ദുല്ല**

[1] അല്‍മുഅ്ജമുല്‍ കബീര്‍, ത്വബറാനി. ഈ അഥറിന്റെ സനദ് 'ദ്വഈഫ്' ആകുന്നു.